"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. മുരളീധരൻ പി ഫയൽ ചെയ്ത WP(C) 19783/2025 നമ്പർ കേസിലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.545/2026/LSGD തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:-

1 WP(C) 19783/2025 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 17/10/2025 തീയതിയിലെ വിധിന്യായം

2 ശ്രീ. മുരളീധരൻ പി സമർപ്പിച്ച 13/11/2025 തീയതിയിലെ അപേക്ഷ

3 കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നമ്പരും തീയതിയും രേഖപ്പെടുത്താത്ത കത്ത്

4 വെള്ളിനേഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/12/2025-ലെ SC3-103/2025-26 നമ്പർ കത്ത്

5 കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/12/2025-ലെ A4-3792/2023 നമ്പർ കത്ത്

6 ചീഫ് ടൗൺ പ്ലാനറുടെ 19/02/2026-ലെ LSGD/PD/17529/2025-TCPA4 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. മുരളീധരൻ പി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 19783/2025 നമ്പർ കേസിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനകം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് P8 അപേക്ഷയിന്മേൽ, ഹർജിക്കാരനെ നേരിൽ കേട്ടതിനു ശേഷം തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത വിധിന്യായപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ഹർജിക്കാരൻ അപേക്ഷ നൽകുകയുണ്ടായി. ശബരി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ കടമ്പഴിപ്പുറം, വെള്ളിനേഴി, കാരാകുറിശ്ശി എന്നീ പഞ്ചായത്തുകളിലുള്ള 3 എയ്ഡഡ് സ്കൂൾ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)ബി പ്രകാരം സർക്കാരിൽ നിന്ന് ഇളവനുവദിക്കണമെന്ന് ശബരി ചാരിറ്റബിൾ ട്രസ്റ്റ് മാനേജർ ശ്രീ. മുരളീധരൻ പി പരാമർശം (2)-ൽ ആവശ്യപ്പെടുന്നു. ടി സ്കൂൾ കെട്ടിടങ്ങളിൽ റാമ്പ്/ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കണമെന്ന വ്യവസ്ഥയിലാണ് ഇളവ് ആവശ്യപ്പെടുന്നത്.

2) വിധിന്യായത്തിലെ നിർദ്ദേശപ്രകാരം 05/12/2025-ന് ഹർജിക്കാരന്റെ പ്രതിനിധിയെ നേരിൽ

കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ഹർജിക്കാരന്റെ പ്രതിനിധി ചുവടെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾ മാനേജ്മെന്റ് പുതുതായി പണി പൂർത്തീകരിച്ച ചുവടെപ്പറയുന്ന കെട്ടിടങ്ങൾക്ക് ക്രമവൽക്കരണം നടത്തിക്കിട്ടേണ്ടതുണ്ട്.

1. കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കണ്ടറി സ്കൂളിന്റെ ഹയർ സെക്കണ്ടറി വിഭാഗം കെട്ടിടം,
2. വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ അടയ്ക്കാപുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസ്.എസ്.-ലെ ഹൈസ്കൂൾ വിഭാഗം കെട്ടിടം,
3. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ പുലാപ്പറ്റ ശബരി സെൻട്രൽ സ്കൂളിലെ പുതിയ കെട്ടിടം

ടി കെട്ടിടങ്ങൾ അതത് പഞ്ചായത്തുകൾ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ പ്രകാരം പൂർത്തീകരിക്കുകയും, പൂർത്തീകരണ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളുടെ ബിൽഡിംഗ് നമ്പർ അനുവദിച്ചു കിട്ടിയിട്ടില്ല. മേൽപ്പറഞ്ഞ കെട്ടിടങ്ങളിലെല്ലാം റാമ്പ്, ലിഫ്റ്റ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നതാണ് പ്രധാന കാരണമായി അറിയിച്ചിരിക്കുന്നതെന്നും റാമ്പും, ലിഫ്റ്റും ഒഴികെയുള്ള, തടസ്സമായി നിൽക്കുന്ന മറ്റു കാര്യങ്ങളിലെല്ലാം പിഴ അടച്ച് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ മാനേജ്മെന്റ് തയ്യാറാണെന്നും ലിഫ്റ്റിന്റേയും റാമ്പിന്റേയും പണി ഭാരിച്ച സാമ്പത്തിക ചെലവ് വരും എന്നതിനാൽ ട്രസ്റ്റിന് ഇന്നത്തെ അവസ്ഥയിൽ പൂർത്തീകരിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളതെന്നും ഇത്രയും ഭാരിച്ച ചെലവ് വഹിക്കാൻ സർക്കാർ സഹായങ്ങൾ ഒന്നും തന്നെ സ്കൂൾ മാനേജ്മെന്റുകൾക്കു ലഭിക്കുന്നില്ലെന്നും ഹർജിക്കാരൻ അറിയിച്ചു.

മേൽ പറഞ്ഞ വിദ്യാലയങ്ങളിൽ എല്ലാം തന്നെ താഴത്തെ നിലയിലുള്ള ക്ലാസ്സ് മുറികളിൽ പ്രത്യേക പരിഗണന അനുവദിക്കുന്ന വിദ്യാർത്ഥികൾക്കായി റാമ്പ് സൗകര്യവും ആവശ്യമായ നിബന്ധനകളോടു കൂടിയ ശൗചാലയ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാലമത്രയും പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു കുട്ടി പോലും ഈ വിദ്യാലയത്തിൽ പഠിക്കുന്നില്ലെന്നും എന്നിരുന്നാലും പുതിയതായി ഭിന്നശേഷിക്കാരായ കുട്ടികൾ വന്നാലും താഴെ നിലയിൽ അതിനുള്ള സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ലഭ്യമാക്കിയിട്ടുണ്ടെന്നും റാമ്പ്/ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് സിസ്റ്റം സൗകര്യങ്ങൾ ഒഴികെ തടസ്സമായി നിൽക്കുന്ന എല്ലാ ന്യൂനതകളിലും സമയബന്ധിതമായി നടപടിയെടുക്കാനും വകുപ്പുതല തീരുമാനമനുസരിച്ച് പൂർത്തീകരിക്കാനും ട്രസ്റ്റ് തയ്യാറാണെന്നും അതിനായി വകുപ്പ് /ഓഫീസുകൾ പുറപ്പെടുവിക്കുന്ന നിബന്ധനകൾ പാലിക്കാൻ തയ്യാറാണെന്നും ഈ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ 2016 മുതൽ നിയമിതരായിട്ടുള്ള ഏകദേശം 65 അധ്യാപകർ, അവരുടെ നിയമനങ്ങളുടെ സ്ഥിരപ്പെടുത്തലിനായി കഴിഞ്ഞ ഒമ്പത് വർഷത്തിലേറെയായി കാത്തിരിക്കുകയാണെന്നും കേരള എഡ്യൂക്കേഷൻ റൂൾസ് (KER) പ്രകാരമുള്ള നിയമനങ്ങൾ നിലവിലുള്ള ഒഴിവുകളിൽ മാത്രമേ സ്ഥിരപ്പെടുത്താൻ കഴിയൂ എന്നും, അത്തരം ഒഴിവുകളുടെ ലഭ്യത വകുപ്പിന് കീഴിൽ ഉള്ള അതാതു ഓഫീസിൽ നിന്ന് വിദ്യാലയ കെട്ടിടങ്ങളുടെ ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥി പ്രവേശന ശേഷിയോടെയാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നും അതിനാൽ മാനേജ്മെന്റിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ഈ വകുപ്പ്

പ്രത്യേക പരിഗണന നൽകുന്നത് അത്യാവശ്യമാണെന്നും ഇതിലൂടെ സ്കൂളുകളുടെ സുതാര്യവും തടസ്സമില്ലാത്ത ഭരണനടപടികൾ ഉറപ്പാക്കുകയും, ഏറെക്കാലമായി നിയമനാനുമതി കാത്തിരിക്കുന്ന അധ്യാപകർക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുകയും ചെയ്യുമെന്നും ഹർജിക്കാരൻ അറിയിച്ചു.

3) കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ്, പുലാപ്പറ്റയിൽ സ്ഥിതി ചെയ്യുന്ന ശബരി എം വി ടി സെൻട്രൽ യു പി സ്കൂളിന് 1795.51 ച.മീ വിസ്തൃതിയുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റിനായി 07.10.2021 ന് ശശികുമാർ നായർ അപേക്ഷ സമർപ്പിക്കുകയും ആയതിന് 04.01.2022 തീയതി B2-BA(2807)/2022 നമ്പർ ആയി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണെന്നും കെട്ടിട നമ്പർ അനുവദിച്ചു തരണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷയെത്തുടർന്ന് നടത്തിയ സ്ഥല പരിശോധനയിൽ ലിഫ്റ്റ്/റാമ്പ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്നും പ്രത്യേക പരിഗണന ആവശ്യമായവർക്കുള്ള ടോയ്ലറ്റിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചിട്ടില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയും ടി ന്യൂനത പരിഹരിക്കുന്നതിന് 18.03.2024 തീയതി അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കും കുട്ടികൾക്കുമുള്ള വ്യവസ്ഥ പ്രകാരമുള്ള ക്രമീകരണം ഏർപ്പെടുത്താത്തതിനാൽ ആണ് ഒക്യുപൻസി അനുവദിക്കാതിരുന്നതെന്നും പരാമർശം (3) പ്രകാരം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിട നമ്പർ അനുവദിക്കാത്തത് സംബന്ധിച്ച് അപേക്ഷകൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പരാതി പ്രകാരം 16.08.2024-ന് നടത്തിയ ഫീൽഡ് പരിശോധനയിലും ന്യൂനതകൾ പരിഹരിച്ചതായി കണ്ടിരുന്നില്ലെന്നും 17.03.2025-ന് നടന്ന ഉപജില്ലാ സമിതി അദാലത്തിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 42 പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ അപേക്ഷ പരിഗണനാർഹമല്ലെന്നും, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം ആയതിനാൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 3(4) ബി പ്രകാരം സർക്കാരിൽ നിന്ന് ഇളവ് ആവശ്യപ്പെട്ട് സർക്കാരിനെ സമീപിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ, ശ്രീ. ശശികുമാർ, മാനേജിംഗ് ട്രസ്റ്റി ശബരി പി ടി ബി സ്മാരക ഹൈസ്കൂൾ, അടയ്ക്കാപുത്തൂർ, എന്ന വ്യക്തി 28.05.2019-ന് A4-2395/2019 പ്രകാരം Group B സ്കൂൾ കെട്ടിടം പൂർത്തീകരിച്ചതായി അറിയിച്ച് അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്ലാനിൽ ബേസ്മെന്റ് ഫ്ലോർ എന്നു കാണിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ ഗ്രൗണ്ട് ഫ്ലോർ തന്നെയാണെന്നും ആയത് പ്ലാനിൽ തിരുത്തുകയും പ്രസ്തുത ഏരിയ ക്രമവൽക്കരിക്കുകയും വേണമെന്നും പൂർത്തീകരിക്കാനുള്ള നിർമ്മാണങ്ങൾ പ്ലാനിൽ കാണിക്കേണ്ടതില്ലെന്നും അഗ്നിശമനസേനാ വകുപ്പിന്റെ നിരാക്ഷേപസാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണെന്നും 21.06.2019-ലെ കത്ത് പ്രകാരം പഞ്ചായത്തിൽ നിന്ന് അപേക്ഷകനെ അറിയിച്ചിരുന്നുവെങ്കിലും അപാകതകൾ പരിഹരിച്ചതായി അറിയിച്ചിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം ചുവടെപ്പറയുന്ന ന്യൂനതകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

1. ടി പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ ആകെ ബിൽറ്റ് അപ്പ് ഏരിയ 1500 m2-ന് മുകളിലായതിനാൽ ചട്ടം 56(a) പ്രകാരം ജില്ല ടൗൺ പ്ലാനറിൽ നിന്ന് അനുമതി വാങ്ങിക്കേണ്ടതാണ്.
2. ചട്ടം 6 & 7(11) പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദമായ പ്ലാനും സൈറ്റ് പ്ലാനും (Area, FSI, Coverage ഉൾപ്പെടെ) സമർപ്പിക്കേണ്ടതാണ്.
3. പ്ലാനിൽ ബേസ്മെന്റ് ഫ്ലോറായി കാണിച്ചിരിക്കുന്ന കെട്ടിടഭാഗം ചട്ടം 27(10) & 27(11) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
4. ചട്ടം 56(6) പട്ടിക 5 പ്രകാരമുള്ള ഏരിയക്കനുസൃതമായ ടോയ്‌ലെറ്റും അവയുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റും പ്ലാനിൽ ഉൾപ്പെടുത്തി അവ സൈറ്റിൽ ഉറപ്പുവരുത്തേണ്ടതാണ്.
5. ചട്ടം 56(2) പട്ടിക 4 പ്രകാരമുള്ള സെറ്റ്ബാക്കുകൾ സൈറ്റിൽ പാലിച്ചതായി കാണുന്നില്ല.
6. ചട്ടം 56(2) & 27(10) പ്രകാരമുള്ള 10 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടത്തിന് ആനുപാതികമായ സെറ്റ്ബാക്കുകൾ പാലിക്കേണ്ടതാണ്.
7. ചട്ടം 104(2) പ്രകാരമുള്ള ലിഫ്റ്റ് കെട്ടിടത്തിൽ സ്ഥാപിച്ചതായി കാണുന്നില്ല.
8. ചട്ടം 56(4) പ്രകാരമുള്ള അഗ്നിരക്ഷാവകുപ്പിന്റെ നിരാക്ഷേപപത്രം ആർജ്ജിക്കേണ്ടതുണ്ട്.
9. ചട്ടം 102 പ്രകാരമുള്ള മഴവെള്ള സംഭരണി സ്ഥാപിച്ച് പ്ലാനിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
10. ചട്ടം 104 പ്രകാരമുള്ള ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ (Disabled toilet, Ramp/Lift ഉൾപ്പെടെ) ഒരുക്കേണ്ടതാണ്.
11. ടി കെട്ടിടത്തിലെ ക്ലാസ് മുറികളുടെ അളവ് 6mx6mx3.60m ആണ്.

5) മണ്ണാർക്കാട് താലൂക്കിലുൾപ്പെട്ട കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിലെ പള്ളിക്കുറുപ്പിൽ സ്ഥിതി ചെയ്യുന്ന ശബരി ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള എയ്ഡഡ് വിഭാഗത്തിൽ ഉൾപ്പെടുന്ന 4 നിലകളുള്ള വിദ്യാഭ്യാസ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് 5/9/2023 തീയതി അപേക്ഷ നൽകിയിരുന്നെന്നും അപേക്ഷ പരിശോധിച്ച എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5(4)- അഗ്നിസുരക്ഷാ സംവിധാനങ്ങൾ, ചട്ടം 26 ടേബിൾ4- അകത്തും പുറത്തുമുള്ള തുറസ്സായ സ്ഥലങ്ങൾ, ചട്ടം26(6), ചട്ടം 28(1) ടേബിൾ(8)- പ്രവേശനമാർഗ്ഗം, ചട്ടം 28(8), ചട്ടം 30 ടേബിൾ 11- ജില്ല ടൗൺ പ്ലാനറുടെ അംഗീകാരം, ചട്ടം 34(1)(3)- ശുചീകരണസൗകര്യങ്ങൾ, ചട്ടം42(2)- ഭിന്നശേഷിക്കാർക്ക് റാമ്പ്, ചട്ടം 42(4)b- ഭിന്നശേഷി ടോയ്‌ലെറ്റ്, ചട്ടം 76(2), (3)- മഴവെള്ളസംഭരണ സംവിധാനങ്ങൾ, ചട്ടം79(6)- മലിനജല പുനരുപയോഗ പ്ലാന്റ് തുടങ്ങിയവ പാലിക്കുന്നില്ലെന്നും സമർപ്പിച്ചിരിക്കുന്ന കൈവശ സർട്ടിഫിക്കറ്റിലെ പ്ലോട്ട് ഏരിയയും പ്ലാനിൽ കാണിച്ചിരിക്കുന്ന പ്ലോട്ട് ഏരിയയും വ്യത്യാസമുണ്ടെന്നും കെ.ഇ.ആർ പ്രകാരം റൂം ഉയരം 3.70 മീറ്റർ വേണ്ടത് 3.60 മാത്രമാണുള്ളതെന്നും അറിയിച്ചിട്ടുള്ളതനുസരിച്ച്, ന്യൂനതകളിൽ പരിഹരിക്കാൻ കഴിയുന്നവ പരിഹരിക്കുന്നതിനും അല്ലാത്തവയ്ക്ക് ചട്ടം 3(4)(b) പ്രകാരം സർക്കാരിൽ നിന്ന് ഇളവ് നേടുന്നതിന് Appendix-M ലെ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ ഫീസ് ഗവ. ട്രഷറിയിൽ അടവാക്കി ആവശ്യമായ രേഖകൾ സഹിതം Appendix N-ൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും എങ്കിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും കാണിച്ച് 14/03/2024 തീയതിയിൽ കത്ത് നൽകിയെങ്കിലും നാളിതുവരെ നിശ്ചിത രൂപത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന് പരാമർശം (5)

പ്രകാരം കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂൾ അധികൃതർ ഉപജില്ല അദാലത്ത് സമിതിയിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടന്ന യോഗത്തിൽ 17/3/2025 തീയതിയിൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് വേണ്ടത് ഉൾപ്പെടെ ചട്ടപ്രകാരം ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാത്തതിനാൽ അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് എയിഡഡ് വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾ പ്രകാരം ഇളവ് ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും പരാമർശം(5) പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) The Rights of Persons with Disabilities Act, 2016 (Central Act) ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ പുതിയ നിർമ്മാണങ്ങളിൽ നിർബന്ധിതമാണെന്നും ടി ആക്ടിൽ നിന്നും ഇളവ് അനുവദിക്കുന്ന വ്യവസ്ഥകൾ ഒന്നും The Rights of Persons with Disabilities Act-ൽ ഉൾപ്പെട്ടിട്ടില്ലാത്തതും ടി ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരുകളും ബാധ്യസ്ഥരാണെന്നും 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളിലും, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(5) പ്രകാരമുള്ള അപ്പൻഡിക്സ് M-ലും ഭിന്നശേഷിക്കാർക്ക് വേണ്ടുന്ന സൗകര്യങ്ങൾ നല്കുന്നതിൽ നിന്ന് ഇളവ് നൽകാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്ക് നൽകേണ്ടുന്ന ലിഫ്റ്റ്/റാമ്പ് എന്നിവയിൽ ഇളവു നൽകുന്നതിനു ശിപാർശ ചെയ്യുന്നത് അഭികാമ്യമല്ലാത്തതും നിർവാഹമില്ലാത്തതുമാണെന്നും പരാമർശം (6) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങളിലും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(5) പ്രകാരമുള്ള അപ്പൻഡിക്സ് M-ലും ഭിന്നശേഷിക്കാർക്ക് വേണ്ടുന്ന സൗകര്യങ്ങൾ നല്കുന്നതിൽ നിന്ന് ഇളവ് നൽകാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. മുരളീധരൻ പി സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

8) ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (അമുഖ കത്ത് സഹിതം)
ശ്രീ. മുരളീധരൻ പി, മാനേജർ ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾസ്, 4D, സൂര്യ മൻസിൽ അപ്പാർട്ട്മെന്റ്, പി എ കുട്ടി റോഡ്, ലെവക്കോട്-678002
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജില്ല ടൗൺ പ്ലാനർ, പാലക്കാട്

സെക്രട്ടറി, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്

സെക്രട്ടറി, കാരാകുറിശ്ശി ഗ്രാമപഞ്ചായത്ത്

സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(RB1/296/2025)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 02-03-2026 13:04:25

സെക്ഷൻ ഓഫീസർ